REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 03-12-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- ആലപ്പുഴ കളർകോട് KSRTC ബസും കാറും കൂട്ടിയിടിച്ച് അഞ്ച് MBBS വിദ്യാർത്ഥികൾ മരിച്ചു.
- ഇന്ന് ലോക ഭിന്നശേഷി ദിനം. ഭിന്നശേഷിക്കാരുടെ ശാക്തീകരണത്തിനായി ഏർപ്പെടുത്തിയ ദേശീയ അവാർഡുകൾ രാഷ്ട്രപതി ദ്രൗപതി മുർമു ഡൽഹിയിൽ സമ്മാനിക്കും.
- പുതിയ ക്രിമിനൽ നിയമങ്ങൾ വിജയകരമായി നടപ്പാക്കിയത് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ചണ്ഡീഗഡിൽ രാജ്യത്തിന് സമർപ്പിക്കും.
- ന്യൂനമർദമായി ശക്തി കുറഞ്ഞ ഫെംഗൽ ചുഴലിക്കാറ്റ് ഇന്ന് വടക്കൻ കേരളത്തിനും കർണാടകയ്ക്കും മുകളിലൂടെ അറബിക്കടലിൽ പ്രവേശിച്ചേക്കും. വടക്കൻ കേരളത്തിൽ ശക്തമായ മഴയ്ക്ക് സാധ്യത. കാസർകോട്, മലപ്പുറം, തൃശൂർ, ആലപ്പുഴ ജില്ലകളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധി.
- തിരുവല്ല പമ്പ് ഹൗസിൽ തീപിടിച്ചതിനെ തുടർന്ന് പത്തനംതിട്ട, കോട്ടയം, ആലപ്പുഴ ജില്ലകളിലെ 11 പഞ്ചായത്തുകളിലും രണ്ട് നഗരസഭകളിലും കുടിവെള്ള വിതരണം മുടങ്ങി.
- ISL ഫുട്ബോളിൽ ജംഷഡ്പൂർ F.Cക്ക് ജയം.

# വാർത്തകൾ വിശദമായി

ആലപ്പുഴ കളർകോട് ചങ്ങനാശ്ശേരി മുക്കിന് സമീപം ദേശീയപാതയിൽ KSRTC ബസും കാറും കൂട്ടിയിടിച്ച് അഞ്ച്  MBBS വിദ്യാർത്ഥികൾ മരിച്ചു. ആറു പേർക്ക് പരിക്കേറ്റു ഒരാളുടെ നിര ഗുരുതരമാണ് '

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി R. രവികുമാർ.

.........വോയ്സ്.........

ആലപ്പുഴ വണ്ടാനം ടി ഡി മെഡിക്കൽ കോളേജിലെ ഒന്നാം MBBS വിദ്യാർത്ഥികളാണ് മരിച്ചത് കോട്ടയം പൂഞ്ഞാർ സ്വദേശി ആയുഷ് ഷാജി,പാലക്കാട്  സ്വദേശി ശ്രീദീപ് വത്സൻ മലപ്പുറം കോട്ടക്കൽ സ്വദേശി ബി ദേവാനന്ദൻ കണ്ണൂർ വേങ്ങര സ്വദേശി മുഹമ്മദ് അബ്ദുൽ ജബ്ബാർ ലക്ഷദ്വീപ് സ്വദേശി മുഹമ്മദ് ഇബ്രാഹിം എന്നിവരാണ് മരിച്ചത് 'എല്ലാവർക്കും 19 വയസാണ്. 'ഇന്നലെ രാത്രി 9ന് കനത്ത മഴയുള്ളപ്പോഴാണ് അപകടം. മെഡിക്കൽ കോളേജിലെ 11 വിദ്യാർത്ഥികളാണ് കാറിൽ ഉണ്ടായിരുന്നത് 'ആലപ്പുഴയിൽ സിനിമ കാണാൻ പോവുകയായിരുന്നു ഇവർ വയറ്റിൽ നിന്നും കായംകുളത്തേക്ക് പോകുന്ന ബസ്സിലേക്ക് കാർ നിയന്ത്രണം തെറ്റി ഇടിച്ചു കയറുകയായിരുന്നുവെന്ന് ദസാക്ഷികൾ പറഞ്ഞുഅപകടത്തിൽ പൂർണമായി തകർന്ന കാർ വെട്ടിപ്പൊളിച്ചാണ് വിദ്യാർത്ഥികളെ പുറത്തെടുത്തത് മൂന്നുപേർ അപകട സ്ഥലത്ത് വച്ച് എന്നെ ജീവൻ നഷ്ടപ്പെട്ടു. ആസ്പത്രിയിലേക്ക് കൊണ്ടുപോകും വഴിയാണ് രണ്ടുപേരും മരിച്ചത് ബസിന്റെ മുൻ സീറ്റിൽ നിന്ന് ഒരു യാത്രക്കാർക്കും പരിക്കുണ്ട്

✪✪✪

ഇന്ന് ലോക ഭിന്നശേഷി ദിനം. ഭിന്നശേഷിക്കാരുടെ ശാക്തീകരണത്തിനായി ഏർപ്പെടുത്തിയ ദേശീയ അവാർഡുകൾ രാഷ്ട്രപതി ദ്രൗപതി മുർമു ഡൽഹിയിൽ സമ്മാനിക്കും.

ഡെസ്ക് റിപ്പോർട്ട്....

.......വോയ്സ്...........

22 വ്യക്തികളെയും 11 സ്ഥാപനങ്ങളെയും ആണ് ഈ വർഷത്തെ ദേശീയ അവാർഡിന് തെരഞ്ഞെടുത്തത്. 100 ശതമാനം കാഴ്ച വൈകല്യം നേരിടുന്ന നിയമ വിദഗ്ധനായ  അമർ ജെയിനും ലോക്കോമോട്ടർ ഡിസബിളിറ്റി നേരിടുന്ന പ്രതീക് ഖണ്ഡേൽവാളിനുമാണ് ഈ വർഷത്തെ സർവശ്രേഷ്ഠ ദിവ്യാംഗ്ജൻ അവാർഡ്. ചടങ്ങിൽ ഭിന്നശേഷിക്കാർക്കായി നിരവധി ക്ഷേമ പദ്ധതികൾക്ക് കേന്ദ്രമന്ത്രി ഡോ.വീരേന്ദ്ര കുമാർ തുടക്കമിടും.

അന്താരാഷ്ട്ര ഭിന്നശേഷി ദിനാഘോഷത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം തൃശൂരിൽ മന്ത്രി ഡോ.R.ബിന്ദു നിർവ്വഹിക്കും. ഭിന്നശേഷി മേഖലയിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെച്ച വ്യക്തികൾക്കും, സ്ഥാപനങ്ങൾക്കും സംസ്ഥാന ഭിന്നശേഷി അവാർഡുകൾ ചടങ്ങിൽ വിതരണം ചെയ്യും.

"ഭിന്നശേഷിക്കാരുടെ നേതൃത്വത്തെ സമഗ്രവും സുസ്ഥിരവുമായ ഭാവിക്കായി വർദ്ധിപ്പിക്കുക" എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.

✪✪✪

'ഭാരതീയ ന്യായ സംഹിത, ഭാരതീയ നാഗരിക് സുരക്ഷാ സൻഹിത, ഭാരതീയ സാക്ഷ്യ അധീനിയം' എന്നീ പരിവർത്തനാത്മക പുതിയ ക്രിമിനൽ നിയമങ്ങൾ വിജയകരമായി നടപ്പാക്കിയത് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ചണ്ഡീഗഢിൽ രാജ്യത്തിന് സമർപ്പിക്കും. ഈ വർഷം ജൂലൈ 1-ന് രാജ്യവ്യാപകമായി നടപ്പാക്കിയ പുതിയ ക്രിമിനൽ നിയമങ്ങൾ, രാജ്യത്തിന്റെ നിയമവ്യവസ്ഥയെ കൂടുതൽ സുതാര്യവും കാര്യക്ഷമവും സമകാലിക സമൂഹത്തിന്റെ ആവശ്യങ്ങൾക്ക് അനുയോജ്യവുമാക്കാൻ ലക്ഷ്യമിടുന്നതാണ്.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ...

....വോയ്സ്.....

"സുരക്ഷിത സമൂഹം, വികസിത ഇന്ത്യ: ശിക്ഷയിൽ നിന്ന് നീതിയിലേക്ക്" എന്നതാണ് ചണ്ഡീഗഢിൽ നടക്കുന്ന പരിപാടിയുടെ പ്രമേയം. സൈബർ കുറ്റകൃത്യങ്ങൾ, സംഘടിത കുറ്റകൃത്യങ്ങൾ, വിവിധ കുറ്റകൃത്യങ്ങളുടെ ഇരകൾക്ക് നീതി ഉറപ്പാക്കൽ തുടങ്ങി ആധുനിക വെല്ലുവിളികളെ നേരിടാൻ കൊണ്ടുവന്ന ഈ പരിഷ്കരണങ്ങൾ, ഇന്ത്യയുടെ ക്രിമിനൽ നീതിന്യായ വ്യവസ്ഥയുടെ ചരിത്രപരമായ പുനർനിർമാണത്തെ അടയാളപ്പെടുത്തുന്നു.

പ്രായോഗികതലത്തിൽ ഈ നിയമങ്ങൾ പ്രയോജനപ്പെടുത്തുന്നത് എങ്ങനെയെന്ന് പരിപാടിയിൽ പ്രദർശിപ്പിക്കും. ക്രിമിനൽ നീതി സംവിധാനത്തെ അവ എങ്ങനെ പുനർ രൂപകൽപ്പന ചെയ്യുന്നുവെന്നും പ്രദർശനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കുറ്റകൃത്യവുമായി ബന്ധപ്പെട്ട അന്വേഷണത്തിൽ പുതിയ നിയമങ്ങൾ ഏതു രീതിയിൽ പ്രാബല്യത്തിൽ വരുന്നുവെന്നു വ്യക്തമാക്കുന്ന തത്സമയ പ്രദർശനവും സംഘടിപ്പിക്കും.

✪✪✪

ഫെംഗൽ ചുഴലിക്കാറ്റ് വടക്കൻ തമിഴ്നാടിനും തെക്കൻ കർണാടകയ്ക്കും മുകളിൽ ന്യൂനമർദമായി വീണ്ടും ശക്തി കുറഞ്ഞു. ഇന്ന് വടക്കൻ കേരളത്തിനും കർണാടകയ്ക്കും മുകളിലൂടെ ന്യൂനമർദം അറബിക്കടലിൽ

പ്രവേശിക്കാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. ഇതേ തുടർന്ന് വടക്കൻ കേരളത്തിൽ മഴ ശക്തമായേക്കും.

അതേ സമയം, സംസ്ഥാനത്ത് വിവിധ ജില്ലകളിൽ അതിശക്തമായ മഴ ഇന്നും തുടരും. വെള്ളിയാഴ്ച വരെ മഴ ലഭിക്കുമെന്നാണ് കേന്ദ്ര കാലാവസ്ഥാ വകുപ്പ് നൽകുന്ന മുന്നറിയിപ്പ്. അതി ശക്തമായ മഴയ്ക്ക് സാധ്യത കണക്കിലെടുത്ത് കാസർകോട്, കണ്ണൂർ ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. എറണാകുളം, ഇടുക്കി, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിലും ലക്ഷദ്വീപിലും മഞ്ഞ ജാഗ്രതയാണ്.

കേരള-ലക്ഷദ്വീപ് -കർണാടക തീരങ്ങളിൽ മണിക്കൂറിൽ 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നു കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

അതിതീവ്ര മഴ സാധ്യത തുടരുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് നാല് ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് ജില്ലാ കളക്ടർമാർ അവധി പ്രഖ്യാപിച്ചു. കാസർകോട്, മലപ്പുറം, തൃശ്ശൂർ, ആലപ്പുഴ ജില്ലകളിലാണ് അവധി പ്രഖ്യാപിച്ചത്.

റസിഡൻഷ്യൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും തൃശൂരിൽ റവന്യു ജില്ലാ കലോത്സവത്തിനും അവധി ബാധകമല്ല.

ആലപ്പുഴ, തൃശൂർ, കാസർകോട് ജില്ലകളിൽ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അവധി പ്രഖ്യാപിച്ചപ്പോൾ മലപ്പുറം ജില്ലയിൽ പ്രൊഫഷണൽ കോളേജുകൾ ഒഴികെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കാണ് അവധി നൽകിയത്.

നേരത്തെ നിശ്ചയിച്ച പരീക്ഷകൾക്കും ഇന്റർവ്യൂകൾക്കും മാറ്റമുണ്ടാവില്ല.

കോട്ടയം ജില്ലയിൽ ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്ന സ്കൂളുകൾക്കും സ്ഥാപനങ്ങൾക്കും ഇന്ന് അവധി നൽകി.

✪✪✪

വ്യാജ സോഷ്യൽ മീഡിയ ഐ ഡി ഉപയോഗിച്ച് അവധി പ്രഖ്യാപിച്ചെന്ന് വാർത്ത സൃഷ്ടിച്ചവർക്കെതിരെ കർശന നിയമനടപടി എടുക്കുമെന്ന് മലപ്പുറം ജില്ലാ കലക്ടർ അറിയിച്ചു.

പ്രൊഫഷണൽ കോളേജുകൾ ഒഴികെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധി ആയിരിക്കുമെന്ന് ഔദ്യോഗികമായി പ്രഖ്യാപിക്കുന്നതിന് മുമ്പ് ജില്ലാ കലക്ടറുടെ വ്യാജ സോഷ്യൽ മീഡിയ ഐ ഡി ഉപയോഗിച്ച് അവധി

പ്രഖ്യാപിച്ചതായി വ്യാജ വാർത്ത പ്രചരിച്ചത് ശ്രദ്ധയിൽ പെട്ടതിനെ തുടർന്നാണിത്.

✪✪✪

കണ്ണൂർ ജില്ലയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധി പ്രഖ്യാപിച്ചിട്ടില്ലെന്ന് ജില്ലാ കലക്ടറുടെ ചുമതല വഹിക്കുന്ന ADM സി.പദ്മചന്ദ്ര കുറുപ്പ് അറിയിച്ചു.

ജില്ലയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധി പ്രഖ്യാപിച്ചുവെന്ന രീതിയിൽ വ്യാജവാർത്തകൾ പ്രചരിപ്പിക്കുന്നവർക്കെതിരെ കർശനമായ നിയമ നടപടി എടുക്കുമെന്നും ADM അറിയിച്ചു.

✪✪✪

കാസർകോട് ജില്ലയിൽ ഇന്നും വിനോദസഞ്ചാര കേന്ദ്രങ്ങൾ അടച്ചിടുമെന്ന് ജില്ലാ കളക്ടർ K. ഇമ്പശേഖർ അറിയിച്ചു. തീരദേശങ്ങളിലും മലയോരങ്ങളിലും ജാഗ്രത പാലിക്കണമെന്നും ക്വാറികളിലെ ഖനനം നിർത്തിവെക്കണമെന്നും ജില്ലാ കളക്ടർ അറിയിച്ചു.

✪✪✪

വാട്ടർ അതോറിറ്റിയുടെ തിരുവല്ല പമ്പ് ഹൗസിൽ തീപിടിച്ചതിനെ തുടർന്ന് പത്തനംതിട്ട, കോട്ടയം, ആലപ്പുഴ ജില്ലകളിലെ 11 പഞ്ചായത്തുകളിലും രണ്ട് നഗരസഭകളിലും കുടിവെള്ള വിതരണം മുടങ്ങി. ജലവിതരണം പൂർണമായും പുനഃസ്ഥാപിക്കാൻ ഒരാഴ്ചയെങ്കിലും വേണ്ടിവരുമെന്ന് അധികൃതർ അറിയിച്ചു.

പമ്പ് ഹൗസിലെ വൻ തീപിടിത്തത്തിൽ കേബിളുകൾ കത്തിനശിച്ചു. ലക്ഷങ്ങളുടെ നഷ്ടം കണക്കാക്കുന്നു. ജലശുദ്ധീകരണ ശാലയിലേക്ക് വെള്ളം പമ്പ് ചെയ്യുന്നതിനിടെ ഇന്നലെ രാവിലെയാണ് തീപിടുത്തമുണ്ടായത്.

സമീപത്തെ ട്രാൻസ്ഫോർമറിൽ നിന്ന് ആറ് പമ്പ് ഹൗസുകളിലേക്ക് വൈദ്യുതി എത്തിക്കുന്ന കേബിളുകളാണ് കത്തിനശിച്ചത്.

✪✪✪

ISL ഫുട്ബോളിൽ ജംഷഡ്പൂർ F.Cക്ക് ജയം. ജംഷഡ്പൂരിൽ മുഹമ്മദൻ S.Cയെ ഒന്നിനെതിരെ 3 ഗോളുകൾക്കാണ് അവർ പരാജയപ്പെടുത്തിയത്.

✪✪✪

ഐലീഗ് ഫുട്ബോളിൽ സീസണിലെ ആദ്യ ഹോം മത്സരത്തിൽ ഇന്ന് ഗോകുലം കേരള FC മിസോറം ക്ലബായ ഐസ്വാൾ FCയെ നേരിടും, രാത്രി 7 നു കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

ഏഷ്യാ കപ്പ് ജൂനിയർ പുരുഷ ഹോക്കി സെമിയിൽ ഇന്ന് നിലവിലെ ചാമ്പ്യൻമാരായ ഇന്ത്യ മലേഷ്യയുമായി ഏറ്റുമുട്ടും. മസ്കറ്റിൽ ഇന്ത്യൻ സമയം രാത്രി 8.30 നാണ് മത്സരം.

മറ്റൊരു സെമിയിൽ പാക്കിസ്ഥാനും ജപ്പാനും തമ്മിൽ മത്സരിക്കും.

നാളെയാണ് ഫൈനൽ.

✪✪✪

ദുബായിൽ അണ്ടർ 19 ഏഷ്യ കപ്പ് ക്രിക്കറ്റിൽ ഇന്ത്യക്ക് ജയം. ജപ്പാനെ 211 റൺസിനാണ് ഇന്ത്യ തോൽപ്പിച്ചത്. ജയത്തോടെ ഇന്ത്യ ഗ്രൂപ്പ് എയിൽ രണ്ടാം സ്ഥാനത്തെത്തി.

മറ്റൊരു മത്സരത്തിൽ 69 റൺസിന് പാകിസ്ഥാൻ UAE യെ പരാജയപ്പെടുത്തി.

✪✪✪

സംസ്ഥാനത്തെ ആദ്യകാല ഷട്ടിൽ ബാഡ്മിന്റൺ പരിശീലകനായ ബാലഗോപാലൻ തമ്പി തിരുവനന്തപുരത്ത് അന്തരിച്ചു. അദ്ദേഹത്തിന് 90 വയസായിരുന്നു.

കേരളാ സ്പോർട്സ് കൗൺസിലിൽ ദീർഘകാലം പരിശീലകനായിരുന്ന അദ്ദേഹം വിരമിച്ച ശേഷം റീജ്യണൽ സ്പോർട്സ് സെന്ററിന്റെ ഭാഗമായി.

ബാലഗോപാലൻ തമ്പിയുടെ സംസ്കാരം ഇന്ന് രാവിലെ 11.30ന് ശാന്തികവാടത്തിൽ നടത്തും.

✪✪✪

കൊയിലാണ്ടി കൊല്ലം ചിറയിൽ നീന്താനിറങ്ങിയ കോളേജ് വിദ്യാർത്ഥി മുങ്ങിമരിച്ചു. മൂടാടി മലബാർ കോളേജിലെ വിദ്യാർത്ഥി നിയാസാണ് മരിച്ചത്.

✪✪✪

മലയോര കുടിയേറ്റമേഖലയുടെ വളർച്ചക്ക് താമരശ്ശേരി രൂപത നൽകിയ സംഭാവനകൾ നിസ്തുലമാണെന്ന് ഗോവ ഗവർണർ PS ശ്രീധരൻപിള്ള പറഞ്ഞു. താമരശ്ശേരി രൂപതയുടെ സോഷ്യൽ സർവീസ് സൊസൈറ്റിയായ CODയുടെ 35-ാമത് വാർഷികാഘോഷം തിരുവമ്പാടിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

✪✪✪

വെള്ളായണിക്കായലിന്റെ സംരക്ഷണം ലക്ഷ്യമിട്ടു പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. 'ഇനി ഞാനൊഴുകട്ടെ' മൂന്നാംഘട്ട ക്യാമ്പയിന്റെ സംസ്ഥാനതല ഉദ്ഘാടനത്തിന് തുടക്കമാകുമെന്ന് മന്ത്രി MB രാജേഷ് അറിയിച്ചു.

ഹരിതകേരളം മിഷന്റെ ഭാഗമായി ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽ പദ്ധതി ആരംഭിക്കുകയാണ് മന്ത്രി തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ പറഞ്ഞു. കായൽ തുടങ്ങുന്നതുമുതൽ കാക്കാമൂല വരെ ഭാഗത്താണ് പുനരുദ്ധാരണപ്രവർത്തനങ്ങൾ നടക്കുന്നത്.

✪✪✪

തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാണ് ഗവൺമെന്റ് എപ്പോഴും മുൻഗണന നൽകുന്നതെന്ന് മന്ത്രി V. അബ്ദുറഹിമാൻ വ്യക്തമാക്കി. ഭാഗ്യക്കുറി ക്ഷേമനിധി അംഗങ്ങൾക്കു സൗജന്യ യൂനിഫോം വിതരണ പദ്ധതിയുടെ ഉദ്ഘാടനം മലപ്പുറത്ത് നിർവഹിക്കുകയായിരുന്നു അദ്ദേഹം.

✪✪✪

കേരളം ആസൂത്രണ സംവിധാനത്തോട് സുസ്ഥിരമായ പ്രതിബദ്ധത കാട്ടിയെന്ന് ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ ഡോക്ടർ VK. രാമചന്ദ്രൻ കൊല്ലത്ത് പറഞ്ഞു. ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല സംഘടിപ്പിച്ച " കേരള വികസനം സാധ്യതകളും വെല്ലുവിളികളും " സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ശിശുമരണ നിരക്ക്, മാതൃ മരണനിരക്ക് എന്നിവ കുറയ്ക്കാനും, ആയുർദൈർഘ്യം വർദ്ധിപ്പിക്കാനും കേരളത്തിന് സാധിച്ചുവെന്നും VK. രാമചന്ദ്രൻ പറഞ്ഞു.

✪✪✪

സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവരിൽ ജീവനക്കാരുമുണ്ടെന്ന് വ്യാപകമായി പ്രചരിപ്പിക്കുന്ന ഗവൺമെന്റ് അനർഹരായവരുടെ ലിസ്റ്റ് പുറത്തു വിടാൻ തയ്യാറാകണമെന്ന് കേരള NGO അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് ചവറ ജയകുമാർ ആവശ്യപ്പെട്ടു.

പാവപ്പെട്ടവരുടെ പിച്ചച്ചട്ടിയിൽ കൈയിട്ടുവാരുന്ന ആരേയും സംരക്ഷിക്കേണ്ട ബാധ്യത സർവ്വീസ് സംഘടനകൾക്കും പൊതു സമൂഹത്തിനും ഇല്ലെന്ന് അദ്ദേഹം തിരുവനന്തപുരത്ത് പറഞ്ഞു. പെൻഷൻ തുക തട്ടിയെടുത്തവരുടെ കൈയിൽ നിന്ന് പണം തിരികെ ഈടാക്കുന്നത് മാത്രമല്ല ക്രിമിനൽ ചട്ടങ്ങൾ പ്രകാരം കേസ്സെടുക്കണമെന്നും ചവറ ജയകുമാർ ആവശ്യപ്പെട്ടു.

✪✪✪